(ബി) ഇവയുടെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നീണ്ടകര, ബേപ്പൂർ എന്നീ മത്സ്യ ബന്ധന തുറമുഖങ്ങളുടെയും തോട്ടപ്പള്ളി ഫിഷ് ലാന്റിംഗ് സെന്ററിന്റെയും പുനരുദ്ധരണത്തിന് നടപ്പു സാമ്പത്തിക വർഷം നടപടി ആരംഭിക്കുന്നതാണ്.

ഗ്രാമവികസന വകുപ്പിന്റെ പുനഃസംഘടന

30 (1938) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന്റെ പുനഃസംഘടനയെക്കുറിച്ച് ബാബുപോൾ കമ്മീഷൻ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ ഏതെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അന്തിമ തീരുമാനം ആയിട്ടില്ല.

നിർദ്ധന ഗ്രാമീണ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുന്ന പദ്ധതി

31 (1939) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പ് മുഖാന്തിരം നിർദ്ധന ഗ്രാമീണ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ മൂന്നുവർഷമായി എത്ര വീടുകൾ നിർമ്മിച്ചു നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ഭവനനിർമ്മാണ പദ്ധതി പ്രകാരം ഓരോ ഉപഭോക്താവിനും ഇപ്പോൾ അനുവദിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ തുക അപര്യാപ്തമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നു മുതൽ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

1. ഇന്ദിരാഭവനപദ്ധതി

ഈ പദ്ധതിപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള നിർദ്ധനർക്കും പട്ടിക ജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും ഭവന നിർമ്മാണത്തിന് സഹായം നൽകുന്നു.

2. ജവഹർ ഗ്രാമസമൃദ്ധിയോജന

നിലവിലുണ്ടായിരുന്ന ജവഹർ റോസ്ഗാർയോജന പുനസംഘടിപ്പിച്ച് ജവഹർ ഗ്രാമസമൃദ്ധി യോജന എന്ന പേരിൽ പുനനാമകരണം ചെയ്ത് നടപ്പു സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വർക്കുള്ള വ്യക്തിഗത പദ്ധതികൾക്കായി വിനിയോഗിക്കേണ്ടതുണ്ട്. ഈ വിഹിതത്തിൽപ്പെടുത്തി, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കു ഭവന നിർമ്മാണത്തിന് സഹായം നൽകുന്നതാണ്. ഇവ രണ്ടും കേന്ദ്രാവിഷ്കൃത പദ്ധതികളാണ്.

(സി) കഴിഞ്ഞ മൂന്നുവർഷമായി ഇന്ദിരാ ആവാസ്യോജന, ജവഹർറോസ് ഗാർയോജന എന്നീ പദ്ധതികളിലായി നിർമ്മിച്ചു നല്കിയ വീടുകളുടെ എണ്ണം താഴെപറയും പ്രകാരമാണ്.

1996-97	29952
1997-98	17803
1998-99	14134

(ഡി) കേരളത്തിൽ 22,000 രൂപയാണ് ഈ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം വീടൊന്നിനു സഹായമായി നൽകുന്നത്. അതുകൂടാതെ സംസ്ഥാന സർക്കാർ അനുബന്ധസഹായം എന്ന നിലയക്ക് പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് മാത്രം 13,000/- രൂപയുടെ അധികസഹായവും നൽകുന്നു.

(ഇ) ഉണ്ട്.

(എഫ്) ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല. ഈ ഭവനനിർമ്മാണ പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതികളായതിനാൽ തുക വർദ്ധിപ്പിച്ചുകൊണ്ട് അനുമതി നൽകേണ്ടത് കേന്ദ്ര സർക്കാരാണ്.

LIBRARY ARCHIVES Kerala Legislative Assembly